# ഗവ: ടി ഡി ജെ ബി സ്കൂൾ

# ആലപ്പുഴ

# *അക്കാദമിക് മാസ്റ്റർ പ്ലാൻ*

## 2025 - 2026

# ഗവ: ടി ഡി ജെ ബി സ്കൂൾ ആലപ്പുഴ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 - 2026

### ഉള്ളടക്കം


- ആമുഖം
- സ്കൂൾ വിവരങ്ങൾ
- സ്കൂൾ ചരിത്രം
- ലക്ഷ്യങ്ങൾ
- അവസ്ഥാ വിശകലനം
- പ്രശ്നങ്ങൾ, വെല്ലുവിളികൾ
- പദ്ധതി രൂപീകരണ പ്രക്രിയ
- പ്രവർത്തനങ്ങൾ
- അടിസ്ഥാന സൗകര്യ വികസനം
- ഉപസംഹാരം

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്, സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. മുഴുവൻ കുട്ടികളെയും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് ഉയർത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കുക, സാർവത്രിക ഗുണമേന്മയുള്ള വിദ്യാഭ്യാസം നേടുക, ആഹാരം വസ്ത്രം പാർപ്പിടം എന്നിവ പോലെ തന്നെ പ്രൈമറി വിദ്യാഭ്യാസവും ലഭ്യമാക്കുക, പ്രൈമറി വിദ്യാഭ്യാസം ലഭിക്കേണ്ട എല്ലാ കുട്ടികളും സ്കൂളിൽ ഉണ്ട് എന്ന് ഉറപ്പാക്കുക, അതിനായി അവർക്ക് നൽകേണ്ട സഹായങ്ങൾ (ഭക്ഷണം, യൂണിഫോം, പുസ്തകം) ഉറപ്പാക്കുക, ജീവിതസുരക്ഷ, ആരോഗ്യസുരക്ഷ, ചൂഷണങ്ങളിൽ നിന്ന് സുരക്ഷ, ജൻഡർ, നീതി എന്നിവയെല്ലാം ഉറപ്പാക്കുക എന്നതാണ് ഇന്ന് വിദ്യാലയങ്ങൾ ചെയ്യേണ്ട പ്രധാന കർത്തവ്യങ്ങൾ. അതിനായുള്ള ശ്രമമാണ് ഇന്ന് വിദ്യാഭ്യാസമേഖലയിൽ നടക്കേണ്ടത്. നാളത്തെ പൗരൻമാരെ വാർത്തെടുക്കുകയാണ് വിദ്യാലയങ്ങളുടെ ലക്ഷ്യം. അതിന് അധ്യാപകരോടൊപ്പം രക്ഷിതാക്കളുടെ സഹകരണവും ആവശ്യമാണ്. നമ്മുടെ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുവാൻ വിദ്യാലയസമൂഹവും, അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കേണ്ടതുണ്ട്.



Scanned with OKEN Scanner

# സ്കൂൾ വിവരങ്ങൾ

| | |
|---|---|
| 1 റവന്യൂ ജില്ല | : ആലപ്പുഴ |
| 2 സ്കൂൾ കോഡ് | : 35203 |
| 3 സ്കൂളിന്റെ പേര് | : ഗവ: ടി.ഡി.ജെ.ബി എസ്, ആലപ്പുഴ. |
| 4 മേൽവിലാസം | : NH66, എ. എൻ പുരം, ഇരുമ്പുപാലം P.O ആലപ്പുഴ - 688011 |
| 5 ഇ. മെയിൽ | : 35203tdjbschool@gmail.com. |
| 6 മുനിസിപ്പാലിറ്റി | : ആലപ്പുഴ |
| 7 ബ്ലോക്ക് | : അമ്പലപ്പുഴ |
| 8 വിദ്യാഭ്യാസ ജില്ല | : ആലപ്പുഴ |
| 9 സബ്ജില്ല | : ആലപ്പുഴ |
| 10 ക്ലാസുകൾ | : LKG, UKG, 1 to 4 |

## സ്കൂൾ ചരിത്രം

ആലപ്പുഴ പട്ടണത്തിന്റെ ഹൃദയഭാഗത്ത്, ജനറൽ ആശുപത്രിയുടെ തെക്കുഭാഗത്തായി തിരുമല ദേവസ്വത്തിന്റെ വകയായി സ്ഥാപിതമായ സ്കൂളാണ് ഗവ. ടി.ഡി.ജെ.ബി.സ്കൂൾ. 1943-ൽ ഇത് സ്ഥാപിതമായെന്ന് രേഖകളിൽ പറയുന്നു. (സർവ്വെ നമ്പർ 624/1 22 സെന്റ് സ്ഥലം)

ആലപ്പുഴ അനന്തനാരായണപുരം, ഊറവൂർ തിരുമല ദേവസ്വം വകയായി 1935 മുതൽ 1965 വരെ പുറക്കാട് ശ്രീവേണുഗോപാല ദേവസ്വം പ്രസിഡന്റ് ആയിരുന്ന ശ്രീമാൻ നാഗേന്ദ്രപ്രഭുവിന്റെ നേതൃത്വത്തിലാണ് ഇവിടെ ഒരു പ്രൈമറി സ്കൂൾ ആരംഭിച്ചത്. തുടർന്ന് ദേവസ്വം ഗവൺമെന്റിന് വിട്ടുകൊടുക്കുകയും തുടർന്നിങ്ങോട്ട് ഗവ. എൽ.പി സ്കൂൾ ആയി പ്രവർത്തിക്കുകയും ചെയ്യുന്നു. കുട്ടികളുടെ എണ്ണം കുറവാണെങ്കിലും അക്കാദമിക തലങ്ങളിൽ നല്ല നേട്ടം കൈവരിച്ച കുട്ടികൾ ഇവിടെയുണ്ട്. വിദ്യാഭ്യാസ വകുപ്പ് നടത്തുന്നതും അല്ലാത്തതുമായ മത്സരങ്ങളിലും മേളകളിലും സ്കൂളിലെ വിദ്യാർത്ഥികൾ പങ്കെടുക്കുകയും മികച്ച നിലവാരം പുലർത്തുകയും ചെയ്യുന്നു. ദേശീയപാതയോരത്ത് പഴയ ഓടിട്ട കെട്ടിടവും നാലുകെട്ടും നടുമുറ്റവും പ്രതീതി തോന്നിപ്പിക്കുന്ന പരിസരവും ഇവിടുത്തെ ശാന്തമായ അന്തരീക്ഷവും സ്കൂളിനെ മനോഹരമാക്കുന്നു. സാധാരണക്കാരുടെയും കൂലിപ്പണിക്കാരുടെയും കുട്ടികളാണ് ഇവിടെ കൂടുതലും പഠിക്കുന്നത്. സ്കൂളിന്റെ ഭൗതികാന്തരീക്ഷം വളരെയേറെ പരിമിതികളോട് കൂടിയതാണ്. കുട്ടികൾക്ക് ഓടിക്കളിക്കാൻ സ്ഥലസൗകര്യം വളരെ കുറവാണ്. പ്രഗത്ഭരായ പല അധ്യാപകരും പ്രധാന അധ്യാപകരും ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഡോ. ബി പത്മകുമാറുൾപ്പെടെ പ്രശസ്തരായ പല പൂർവ്വവിദ്യാർത്ഥികളുമുണ്ട്.

## ലക്ഷ്യങ്ങൾ

* അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം കരഗതമാക്കുക എന്ന ലക്ഷ്യത്തിനായി ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
* വിദ്യാലയത്തിൽ കുട്ടികളുടെ പൂർണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
* വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്കുപുറമെ കലാകായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* വിദ്യാലയത്തിലെ പഠനവിഭവസംവിധാനങ്ങളായ ലബോറട്ടറി, ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാവിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്യമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
* ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക.
* ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുക.
* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികൾക്ക് അക്കാദമിക നിലവാരം ഉറപ്പാക്കുന്നതിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക.
* സ്കൂൾ ലൈബ്രറി, ലാബുകൾ ആധുനികവൽക്കരിക്കുക.
* കുട്ടികൾക്ക് കൗൺസിലിങ് സൗകര്യങ്ങൾ ഉണ്ടാക്കുക.
* സമഗ്രഗുണമേന്മാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

## അവസ്ഥാ വിശകലനം.

വർഷങ്ങൾക്കു മുമ്പ് ധാരാളം കുട്ടികൾ പഠിച്ചിരുന്ന സ്കൂളാണ് ഇത്. ഈ പ്രദേശങ്ങളിലെ സാധാരണക്കാരായ ജനങ്ങളെല്ലാം പഠിച്ചിരുന്ന സ്കൂളാണ്. എന്നാൽ പിന്നീട് അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആവിർഭാവത്തോട് കൂടി കുട്ടികളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വന്നു. തുടർന്ന് 2013-14 കാലയളവു മുതൽ പി.ടി.എ യുടെയും സ്കൂൾ അധികൃതരുടെയും ശ്രമഫലമായി SSA യുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹായത്തോടെ ചില പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയതിന്റെയും ഫലമായി കുട്ടികളുടെ എണ്ണം ക്രമേണ കൂടിക്കൊണ്ടിരിക്കുന്നു. നിലവിൽ LKG മുതൽ നാലാം ക്ലാസ്സ് വരെ 113 കുട്ടികൾ പഠിക്കുന്നു.

പാഠ്യപദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ക്ലാസ് വിനിമയം ചെയ്യാൻ ഇവിടുത്തെ അധ്യാപകർക്ക് സാധിക്കുന്നുണ്ട്. പ്രക്രിയാബന്ധിതമായ ആസൂത്രണം, കുട്ടിയുടെ സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ, അധ്യാപികയുടെ വിലയിരുത്തൽ തുടങ്ങിയ ഘട്ടങ്ങളെല്ലാം പഠനപ്രക്രിയയിൽ പാലിക്കപ്പെടുന്നു. അധ്യാപകർ ദൈനംദിനാസൂത്രണം സമഗ്രാസൂത്രണം ഇവ നടത്തുകയും അനുയോജ്യമായ പഠനോപകരണങ്ങൾ, ആധുനിക സാങ്കേതികവിദ്യകൾ ഇവ ഉപയോഗിക്കുകയും ചെയ്യുന്നു. പരിസ്ഥിതി സൗഹൃദ - വിദ്യാർഥിസൗഹൃദ സ്കൂൾ - ക്ലാസ് അന്തരീക്ഷം നിലനിർത്തുന്നതിൽ പി.ടി.എയും അധ്യാപകരും ശ്രമിക്കുന്നു.

ഒന്നാം ക്ലാസ് മുതൽ വായന സംസ്കാരം പ്രോത്സാഹിപ്പിക്കുന്നുണ്ട്. അത് കുറെകൂടി വിപുലീകരിക്കും. ഗണിതലാബ്, സയൻസ് ലാബ്, സാമൂഹ്യശാസ്ത്രലാബ്, IT ലാബ് എന്നിവ നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും.



Scanned with OKEN Scanner

# പ്രശ്നങ്ങൾ, വെല്ലുവിളികൾ

| പ്രശ്നങ്ങൾ | പരിഹാര നിർദേശങ്ങൾ | പഠനപ്രവർത്തനങ്ങൾ |
|---|---|---|
| **അക്കാദമികം** | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ (മലയാളം) | | മലയാളഭാഷാപഠനത്തിൽ പിന്നാക്കാവസ്ഥ നേരിടുന്നകുട്ടികൾക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കിപരിശീലനം |
| വായനാപോഷണം | | അക്ഷരകളരി |
| ലേഖനപോഷണം | പ്രാഥമിക നില നിർണ്ണയം | വായനക്കാർഡ്. കഥ, ചൂരണം. |
| ഭാഷാപരമായ പിന്നോക്കാവസ്ഥ (ഇംഗ്ലീഷ്) | പ്രവർത്തനപാക്കേജ് | |
| വായനാപോഷണം | | ക്ലാസ് ലൈബ്രറി |
| ലേഖനപോഷണം | | പതിപ്പുകൾ |
| ഗണിതത്തിലെ പിന്നോക്കാവസ്ഥ (ചതുഷ്ക്രിയകൾ, സംഖ്യാബോധം പ്രശ്നനിർധാരണം) | | പ്രത്യേകപരിശീലനം. [illegible] നിരീക്ഷണ, പരീക്ഷണപുസ്തകം. |
| ശാസ്ത്രം | | |
| കായികപരിശീലനം (കളിസ്ഥലം-അപര്യാപ്തം) | സ്കൂൾ കെട്ടിടം പൊളിച്ച് രണ്ട് നില കെട്ടിടം തൈക്കോ ഭാഗത്ത് പണിയുമ്പോൾ ബാക്കിയുള്ള ഭാഗം കളിസ്ഥലമാക്കി രൂപപ്പെടുത്തിയെടുക്കാം. | പരിശീലനം. |
| പ്രവൃത്തിപരിചയപരിശീലനം | പ്രത്യേക അധ്യാപക നിയമനം. | |
| കലാപരിശീലനം | | |
| ലൈബ്രറി | പുസ്തകങ്ങൾ വർദ്ധിപ്പിക്കുക. | പരിശീലനം |
| ലാബ് | | |
| കൗൺസലിങ്ങ് | പ്രത്യേക അധ്യാപക നിയമനം. | |
| പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളുടെ ബോധനം | | |

| | | |
|---|---|---|
| **ഭൗതികം** | | |
| പുതിയ സ്കൂൾ കെട്ടിടം | | നിർമ്മാണ പ്രവർത്തനം. |
| കളിയുപകരണങ്ങൾ | | സാമഗ്രികൾ വാങ്ങൽ |
| കമ്പ്യൂട്ടർ സൗകര്യങ്ങളോടെ ക്ക് ക്ലാസ് മുറികൾ | 2 ക്ലാസ് മുറികൾ കൂടി സ്മാർട്ട് ക്ലാസ് ആക്കുക | നിർമ്മാണ പ്രവർത്തനം |
| ശബ്ദസംവിധാനം | സ്പോൺസർഷിപ്പ്. | നിർമ്മാണ പ്രവർത്തനം. |
| കിഡ്സ് പാർക്ക് | | |
| ലാബ്, ലൈബ്രറി സൗകര്യങ്ങൾ | | നിർമ്മാണ പ്രവർത്തനം. |
| സംഗീതോപകരണങ്ങൾ | | സാമഗ്രികൾ വാങ്ങൽ |
| ജൈവവൈവിധ്യപാർക്ക് | | നിർമ്മാണ പ്രവർത്തനം. |
| ടോയ്‌ലറ്റുകൾ (ഗേൾസ് ഫ്രണ്ട്‌ലി) | | നിർമ്മാണ പ്രവർത്തനം |
| മാലിന്യസംസ്കരണസംവിധാനം | കമ്പോസ്റ്റ് സംവിധാനങ്ങൾ (LSGD) | നിർമ്മാണ പ്രവർത്തനം. |
| **സാമൂഹികം.** | | |
| പഠനപിന്തുണ നൽകാൻ കഴിയാത്ത അവസ്ഥ | ബോധവൽക്കരണം. | |
| വിദ്യാലയ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ബോധവൽക്കരണം | |



Scanned with OKEN Scanner

## പദ്ധതിരൂപീകരണ പ്രക്രിയ

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് യോഗം ചേർന്ന് പ്രാഥമിക ചർച്ചകൾ നടത്തി. പരിശീലനത്തിൽ ലഭിച്ച ആശയങ്ങൾ പങ്കുവച്ചു. അക്കാദമികം, ഭൗതികം, സാമൂഹികം എന്നിങ്ങനെ മൂന്ന് ശീർഷകങ്ങൾ അടിസ്ഥാനമാക്കി ആശയങ്ങൾ രൂപപ്പെടുത്താൻ ചുമതല നൽകി. സ്കൂൾ പിടിഎ, മദർ പിടിഎ, സ്കൂൾ വികസന സമിതി എന്നിവ വിളിച്ചുകൂട്ടി ഭൗതികസാഹചര്യങ്ങളുടെ വികസനത്തെക്കുറിച്ചും അക്കാദമിക മാറ്റങ്ങളെക്കുറിച്ചും ചർച്ചകൾ നടത്തി ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളെ ക്രോഡീകരിച്ചു. ഹ്രസ്വകാല ദീർഘകാല പദ്ധതികൾ ചിട്ടപ്പെടുത്തി. നടപ്പുവർഷം നടക്കേണ്ട അക്കാദമിക ഭൗതിക വികസനങ്ങൾ ക്രോഡീകരിച്ചു.



Scanned with OKEN Scanner

# പ്രവർത്തനങ്ങൾ

മേഖല- അക്കാദമികം

ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• വായനാക്കാർഡ് അക്ഷരം/പദം/വാക്യം<br>• അടിക്കുറിപ്പ്<br>• കഥപറയൽ<br>• കഥാപൂരണം<br>• ചിത്രവിവരണം<br>• പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | വർഷം | SRG<br>മലയാളം ടീച്ചർ | |
| വായനാപോഷണം | • ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ<br>• ബാലപ്രസിദ്ധീകരണങ്ങൾ സജ്ജീകരിക്കൽ<br>• വായനോത്സവം<br>• പത്രവായന<br>• അമ്മ വായന<br>• വായനാക്കുറിപ്പ് പതിപ്പ്<br>• ദിനാചരണങ്ങൾ | വർഷം | SRG<br>ക്ലാസ് ടീച്ചർ | |
| ലേഖനപോഷണം | • ആസ്വാദനക്കുറിപ്പ്<br>• ക്ലാസ് മാഗസിൻ<br>• ചുമർ പത്രം<br>• കഥാ കവിതാ പതിപ്പുകൾ<br>• രചനോത്സവം<br>• സംയുക്തഡയറി<br>• സചിത്ര പുസ്തകം. | വർഷം | SRG<br>ക്ലാസ് ടീച്ചർ | |



Scanned with OKEN Scanner

മേഖല- അക്കാദമികം
ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ നന്നായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ | ഇംഗ്ലീഷ് റൈംസ്, കാർട്ടൂൺസ് പ്രദർശനം, സ്റ്റോറിടെല്ലിംഗ് എന്നിവയിലൂടെ ഇംഗ്ലീഷ് ധാരാളമായി കേൾക്കാനും സംസാരിക്കാനുമുള്ള അവസരങ്ങൾ.<br>അക്ഷരക്കാർഡുകൾ നൽകി പദനിർമ്മാണം<br>word നൽകി വാക്യനിർമ്മാണം.<br>വായനക്കായി Picture stories, Story Books, Reading Cards എന്നിവ ക്ലാസ് ലൈബ്രറിയിൽ സജ്ജീകരിക്കൽ<br>ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് അസംബ്ലി<br>വായനാമത്സരം<br>ഇംഗ്ലീഷ് മാഗസിൻ<br>Picture description self intro-duetion aetivities, News paper reading | അധ്യയന വർഷം. | SRG<br>ക്ലാസ് ടീച്ചർ<br>SRG<br>ക്ലാസ് ടീച്ചർ | |
| ഉപമേഖല ഗണിതം | | | | |
| എല്ലാ കുട്ടികൾക്കും ഗണിതത്തിലെ ചതുഷ്ക്രിയകൾ, പ്രശ്നനിർധാരണം എന്നിവയിൽ ശേഷി വികസിപ്പിക്കൽ | സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ<br>കൂട്ടത്തിൽ നിന്ന് നിശ്ചിത എണ്ണം എണ്ണിയെടുക്കൽ<br>തൊട്ടുമുൻപിൽ - പിന്നിൽ<br>വലുത് - ചെറുത്<br>സംഖ്യാവ്യാഖ്യാനം | അധ്യയന വർഷം | SRG<br>ക്ലാസ്ടീച്ചർ | |
| ഗണിതലാബ് | ഗണിതലാബ് സജ്ജീകരണം<br>ഗണിതസാമഗ്രികളുടെ നിർമ്മാണം | | | |



Scanned with OKEN Scanner

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റുകൂടാതെ വായിക്കുവാനുള്ള ശേഷി ആർജ്ജിക്കൽ | - അക്ഷര വായന<br>- ക്ലാസ് വായന<br>- ചിത്ര വായന<br>- അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- വായനാ മത്സരം | ജൂൺ - മാർച്ച് | ഭാഷാ അധ്യാപകർ | പി.ടി.എ അധ്യാപകർ |
| അറബി ഭാഷ സംസാരിക്കുന്നതിനുള്ള തയ്യാറെടുപ്പ് | - ഐ ടെക്സ്റ്റ് ഉപയോഗിച്ച് സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>- കാർട്ടൂൺ പ്രദർശനം<br>- പദസമ്പത്ത് വർധിപ്പിക്കൽ<br>- | ജൂൺ - മാർച്ച് | ഭാഷാ അധ്യാപകർ | പി.ടി.എ അധ്യാപകർ |
| എഴുത്തിന്റെ പുരോഗതി | - എഴുത്തുരീതി ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- കൂടി എഴുത്ത് | ജൂൺ - മാർച്ച് | ഭാഷാ അധ്യാപകർ | പി.ടി.എ അധ്യാപകർ |

Scanned with OKEN Scanner

മേഖല- അക്കാദമികം

ഉപമേഖല- പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക.<br>• ശാസ്ത്രീയാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക.<br>• ശാസ്ത്രലാബ് രൂപീകരണം | • പ്രദർശനങ്ങൾ<br>• ക്വിസ്<br>• ഫീൽഡ് ട്രിപ്പുകൾ<br>• അഭിമുഖങ്ങൾ<br>• ശില്പശാലകൾ<br>• പതിപ്പുകൾ തയ്യാറാക്കൽ<br>• പരീക്ഷണങ്ങൾ<br>പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾക്ക് ആവശ്യമായ സാമഗ്രികൾ കുട്ടികളുടെ സഹായത്തോടെ സജ്ജീകരിക്കുന്നു. | അധ്യയന വർഷം | SRG<br>SMC | |

മേഖല- അക്കാദമികം

ഉപമേഖല- കലാ കായിക പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ആരോഗ്യ, കലാ കായിക പ്രവൃത്തി പരിചയ മേഖലകളുടെ സമഗ്ര വികാസം ഉറപ്പുവരുത്തൽ | • ശില്പശാലകൾ<br>• യോഗാ പരിശീലനം<br>• സുംബാ പരിശീലനം.<br>• പ്രദർശനങ്ങൾ<br>• കായികപരിശീലനം.<br>• കലോത്സവങ്ങളിലെ പങ്കാളിത്തം<br>• ശാസ്ത്രമേളകളിലെ പങ്കാളിത്തം<br>• പ്രവൃത്തിപരിചയം, കലാവാസന ഇവക്ക് പരിശീലനം നൽകി മേളകളിൽ പങ്കെടുപ്പിക്കുന്നു. | അധ്യയന വർഷം | SRG<br>SMC | |

മേഖല- അക്കാദമികം
മൂല്യനിർണ്ണയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പുവരുത്തുക. | • നിരന്തരമൂല്യനിർണ്ണയം.<br>• ടേം മൂല്യനിർണ്ണയം<br>• പരിഹാരബോധന പാക്കേജ് | അധ്യയന വർഷം | SRG<br>ക്ലാസ് ടീച്ചർ. | |

മേഖല- അക്കാദമികം
സവിശേഷ പഠനപിന്തുണ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| മത്സരപരീക്ഷകൾക്കും LSS നും പഠനപിന്തുണ | • ജി.കെ കോർണർ<br>• വിജ്ഞാനോത്സവം<br>• എൻ എസ് എസ് പരിശീലനം | | SRG | |
| പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കൽ | • പ്രത്യേകപരിശീലനം നേടൽ<br>• അനുരൂപീകരണം.<br>• പ്രത്യേക വർക്ക് ഷീറ്റുകൾ | അധ്യയന വർഷം<br>അധ്യയന വർഷം | SRG<br>ക്ലാസ് ടീച്ചർ | |



Scanned with OKEN Scanner

## അടിസ്ഥാന സൗകര്യ വികസനം

22 സെന്റ് സ്ഥലത്ത് നിറഞ്ഞു നിൽക്കുന്ന സ്കൂൾ കെട്ടിടം ധാരാളം പോരായ്മകൾ ഉള്ളതാണ്. അടുത്ത 10 വർഷത്തിനുള്ളിൽ 3 ഡിവിഷൻ വീതമുള്ള 4 ക്ലാസുകളും പ്രീ പ്രൈമറിയും ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ റൂം, ഓഫീസ്, സ്റ്റാഫ് റൂം എല്ലാം പ്രവർത്തിക്കുന്നതിന് ഒട്ടും മതിയാകാത്ത സാഹചര്യത്തിൽ ഈ പരിമിതമായ സ്ഥലത്ത് കുട്ടികൾക്ക് കളിസ്ഥലവും കണ്ടെത്തേണ്ടിയിരിക്കുന്നു. ഈ അവസ്ഥയിൽ കെട്ടിടം പൊളിച്ച് കൂടുതൽ സൗകര്യപ്രദമായ രണ്ടോ മൂന്നോ നിലയുള്ള മറ്റൊരു കെട്ടിടം പണിയുക എന്നതാണ് ഉദ്ദേശിക്കുന്നത്.

നിലവിൽ 9 മുറികൾ മാത്രമാണുള്ളത്. 4 മുറികൾ ചേരുന്ന ഒരു ഹാളും ഓഫീസ് ഉൾപ്പെടെ 5 മുറികളും ഉണ്ട്. ഇതിൽ തെക്കുഭാഗത്തുള്ള കെട്ടിടവും കിഴക്കെ കെട്ടിടവും പൊളിച്ച് L ഷേപ്പിൽ 2 നില കെട്ടിടം പണിയണം. ബാക്കിയുള്ള സ്ഥലം കളിസ്ഥലവും കൃഷിസ്ഥലവും പൂന്തോട്ടവും ആയി രൂപപ്പെടുത്തുകയാണ് ലക്ഷ്യമിടുന്നത്;



Scanned with OKEN Scanner

# ഉപസംഹാരം

മനുഷ്യനെ പരിപൂർണ്ണതയിലെത്തിക്കാനുതകുന്നതായിരിക്കണം വിദ്യാഭ്യാസം. അതിനു സഹായകമായ വിദ്യാഭ്യാസമാണ് ഇന്നത്തെ പൊതുവിദ്യാഭ്യാസം. പൊതു വിദ്യാഭ്യാസം നേടുന്നതിലൂടെ മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിക്കാനുതകുന്ന മൂല്യബോധം ഉളവാകുന്നു. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ലഭിക്കുന്നതോടൊപ്പം അവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലങ്ങളിലേക്കെത്തിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനുമുള്ള അവസരങ്ങളും ലഭിക്കുന്നു. സ്വയംപഠനവും കൂട്ടായ പഠനവും പഠനപ്രക്രിയയുടെ ഭാഗമാകുന്നു. മത്സരാധിഷ്ഠിതമായ ലോകത്ത് അതിജീവിക്കാനാവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജിക്കുന്നതോടൊപ്പം തുല്യത, സഹവർത്തിത്വം, സഹകരണം, സഹതാപം, അനുതാപം ഇടങ്ങി ഒരു ജനാധിപത്യസമൂഹത്തിന്റെ മുന്നോട്ട് പോക്കിനാവശ്യമായ മൂല്യബോധങ്ങൾ കുട്ടി കുട്ടി സ്വായത്തമാക്കാനും സാധിക്കുന്നു.